**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 172** **29-07-2021 - ൽ മറുപടിയ്ക്ക്**

**മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീമതി ദെലീമ** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സ്വരൂപിക്കുന്ന നിക്ഷേപങ്ങൾ സംസ്ഥാന വികസനത്തിന് ഏതെങ്കിലും തരത്തിൽ മുതൽക്കൂട്ടാകുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ മൾട്ടി സ്റ്റേറ്റ് സഹകരണ നിയമം 2002 പ്രകാരം രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ നിയന്ത്രണത്തിനായി സംസ്ഥാന സർക്കാരിനു പ്രത്യേക നിയമങ്ങൾ നിലവിലില്ല. ഇത്തരം സംഘങ്ങൾ സ്വരൂപിക്കുന്ന നിക്ഷേപങ്ങൾ സംസ്ഥാനത്തെ വികസനത്തിന് ഏതെങ്കിലും തരത്തിൽ മുതൽക്കൂട്ടാവുന്നുണ്ടോ എന്നത് സംബന്ധിച്ച് നിലവിൽ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| (ബി) | കേന്ദ്ര സർക്കാർ പുതിയ സഹകരണ വകുപ്പ് രൂപീകരിച്ച പശ്ചാത്തലത്തിൽ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിയന്ത്രിച്ച് നിക്ഷേപകരുടെ താൽപര്യം പരിരക്ഷിക്കാൻ നടപടിയുണ്ടാകുമോ? | (ബി) | കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു മന്ത്രാലയം രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്. എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ നിക്ഷേപ സമാഹരണ പ്രവർത്തനങ്ങൾക്കു നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട സംസ്ഥാന ചീഫ് സെക്രട്ടറി കേന്ദ്ര അഗ്രിക്കൾച്ചർ & ഫാർമേഴ്സ് വെൽഫയർ മന്ത്രാലയത്തിലെ സെക്രട്ടറിയ്ക്ക് കത്ത് അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ